കൊച്ചിൻ ദേവസ്വം ബോർഡ്

ചോറ്റാനിക്കര ദേവസ്വം

# ക്വട്ടേഷൻ പരസ്യം

ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിലെ സത്രം മുറികളിൽ ഉപയോഗിച്ചുവരുന്ന ബെഡ്ഷീറ്റുകൾ, പില്ലോകവറുകൾ എന്നിവ കുറഞ്ഞ നിരക്കിൽ അലക്കി വൃത്തിയാക്കി തരുന്നതിന് **1/1/2022** മുതൽ ഒരു വർഷക്കാലത്തേക്ക് ഏറ്റെടുത്ത് നടത്തുവാൻ തയ്യാറുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനിൽ ബെഡ്ഷീറ്റ് 1നുള്ള നിരക്കും, പില്ലോകവർ ഒന്നിനുള്ള നിരക്കും കാണിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി (ചോറ്റാനിക്കര വിജയാബാങ്കിൽ മാറാവുന്ന രീതിയിലുള്ള ) അസിസ്റ്റന്റ് കമ്മീഷ്ണർ, ചോറ്റാനിക്കര ദേവസ്വം എന്ന പേരിൽ മാറാവുന്ന **1000/-** ക.യുടെ **D.D** അടക്കം ചെയ്യേണ്ടതാണ്. ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ എടുക്കുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 5000/-ക അടയ്ക്കേണ്ടതാണ്. ക്വട്ടേഷനുകൾ 2021 നവംബർ 3 ന് രാവിലെ 11.30 മണിക്ക് മുൻപായി ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നേദിവസം 12 pm.ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ഒരു കൊല്ലത്തേക്ക് സത്രത്തിലെ മുഷിഞ്ഞ വിരികൾ ഓരോ ദിവസവും **4 P.M.**ന് വന്ന് **collect** ചെയ്ത് അലക്കി വൃത്തിയാക്കി പിറ്റേദിവസം 3 മണിക്ക് തന്നെ തിരികെ എത്തിക്കേണ്ടതാണ്. വിരികൾ കേടുകൂടാതെയും വൃത്തിയായും അലക്കി തരേണ്ടതാണ്. ടി സംഗതിയെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ഓഫീസ് സമയങ്ങളിൽ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

11-10-21

ചോറ്റാനിക്കര

അസിസ്റ്റന്റ് കമ്മീഷ്ണർ
ചോറ്റാനിക്കര ദേവസ്വം
ഫോൺ: 0484-2712350
Pin- 682 312